നം. 5294/നോഡൽ2/2020/നിയമം | നിയമ (നോഡൽ) വകുപ്പ്

**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2359 12.03.2020 ൽ മറുപടിക്ക്**

**നിയമവകുപ്പിന്റെ വെബ്സൈറ്റ് ഹാക്കിങ്**

| **ചോദ്യം**<br>ശ്രീ. മഞ്ഞളാംകുഴി അലി,<br>ശ്രീ. പി.കെ.അബ്ദു റബ്ബ്,<br>ശ്രീ. പി. ഉബൈദുള്ള,<br>ശ്രീ. പാറക്കൽ അബ്ദുല്ല | **ഉത്തരം**<br>ശ്രീ. എ. കെ. ബാലൻ,<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി.) |
|---|---|
| (എ) വാളയാറിൽ സഹോദരിമാർ മരണപ്പെട്ട കേസുമായി ബന്ധപ്പെട്ട് നിയമവകുപ്പിന്റെ വെബ്സൈറ്റ് ഹാക് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | ഉണ്ട്. നിയമവകുപ്പിന്റെ വെബ്സൈറ്റ് ഹാക്ക് ചെയ്തതായി ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ വെബ്സൈറ്റ് ഡൗൺ ചെയ്യുകയും അടിയന്തിരമായി വെബ്സൈറ്റ് പുനഃസ്ഥാപിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു. തുടർന്ന് വെബ്സൈറ്റ് പുനഃസ്ഥാപിക്കുവാൻ തയ്യാറാക്കിയെങ്കിലും സുരക്ഷാ പിഴവുകൾ പരിഹരിക്കാതെ പുനഃസ്ഥാപിച്ചാൽ വീണ്ടും ഹാക്ക് ചെയ്യപ്പെടാനുള്ള സാധ്യത കൂടുതലായതിനാൽ സുരക്ഷാ ഓഡിറ്റിംഗ് നടത്തിയതിനു ശേഷം മാത്രം Website പ്രവർത്തന സജ്ജമാക്കിയാൽ മതിയെന്ന് കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻ അറിയിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സുരക്ഷാ ഓഡിറ്റിംഗിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരികയാണ്. |
| (ബി) നിയമവകുപ്പിന് ഏതെല്ലാം തരത്തിലുള്ള വീഴ്ചകൾ ഉണ്ടായിട്ടുള്ളതായിട്ടാണ് ഹാക്കേഴ്സ് ആരോപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; ആരോപണത്തിലെ വിഷയം സംബന്ധിച്ച് നിയമവകുപ്പ് എന്തെങ്കിലും വിശദീകരണം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | നിയമവകുപ്പിനെതിരായി വീഴ്ചകളൊന്നും തന്നെ ആരോപിച്ചിട്ടില്ലാത്തതാണ്. ആരോപണത്തിലെ വിഷയം നിയമ വകുപ്പുമായി ബന്ധപ്പെട്ടതല്ലാത്തതിനാൽ ഇതു സംബന്ധിച്ച് നിയമവകുപ്പ് വിശദീകരണമൊന്നും നൽകിയിട്ടില്ലാത്തതാണ്. |

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.